**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1582 14.07.16-ൽ മറുപടിക്ക്

## "ഗതാഗതക്കുരുക്കും വാഹനാപകടങ്ങളും ഒഴിവാക്കുന്നതിന് മഞ്ചേശ്വരത്ത് സമഗ്ര ചെക്ക്പോസ്റ്റ് നിർമ്മിക്കുന്നതിന് നടപടി"

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് | | ശ്രീ.റ്റി.എം.തോമസ് ഐസക് (ധനകാര്യവും, കയറും വകുപ്പ് മന്ത്രി) |
| (എ) | മഞ്ചേശ്വരം വാണിജ്യ നികുതി ചെക്ക് പോസ്റ്റിനടുത്ത് ദേശീയപാതയിൽ അടിക്കടിയുണ്ടാകുന്ന വാഹനാപകടങ്ങളും ഗതാഗതക്കുരുക്കും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലത്ത് ഗതാഗതക്കുരുക്കും വാഹനാപകടങ്ങളും ഒഴിവാക്കുന്നതിന് എന്തൊക്കെ അടിയന്തിര നടപടികൾ സ്വീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | മഞ്ചേശ്വരത്ത് ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് - ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത സ്ഥലത്ത് ദേശീയ പാതയോടു ചേർന്ന് സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ ചരക്കുവാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (സി) | ദേശീയ പാതയിൽ മഞ്ചേശ്വരം ചെക്ക്പോസ്റ്റിനായി 9.37 ഏക്കർ സ്ഥലം അക്വയർ ചെയ്തസ്ഥലത്ത് പാർക്കിംഗ് സൗകര്യം ഉൾപ്പെടെ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | മഞ്ചേശ്വരത്ത് സമഗ്ര ചെക്ക്പോസ്റ്റ് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | മഞ്ചേശ്വരത്ത് സംയോജിത ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നതിന് 9.37 ഏക്കർ സ്ഥലം അക്വയർ ചെയ്യുകയും അതിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ.**